**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1357** **07-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസ നയം പ്രകാരം സ്കൂളുകളുടെ പുതിയ ഘടന 5+3+3+4 എന്നതാണെന്നിരിക്കെ ഈ മാറ്റങ്ങളോട് സംസ്ഥാനത്തിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ; | (എ) | ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചുള്ള സ്കൂൾ ഘടന നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസ കമ്മിറ്റി റിപ്പോർട്ടടക്കമുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് തീരുമാനമെടുക്കുന്നതാണ്. |
| (ബി) | പല സംസ്ഥാനങ്ങളും പ്രസ്തുത ഘടന നടപ്പാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രീ പ്രൈമറി വിഭാഗത്തെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുമോ; | (ബി) | അഞ്ചുവർഷമുള്ള ഫൗണ്ടേഷണൽ സ്റ്റേജിലാണ് പ്രീ പ്രൈമറി വിദ്യാഭ്യാസം ദേശീയ വിദ്യാഭ്യാസ നയത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശത്തിൽ പോലും വിദ്യാഭ്യാസ ഘട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്ഥാപനങ്ങളുടെ ക്രമീകരണത്തിനല്ല പ്രാധാന്യം. വ്യത്യസ്ത സ്ഥാപനങ്ങളിൽ പ്രവർത്തിച്ചാലും ഒരു ഘട്ടമായി പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയാണ് ചെയ്തിട്ടുള്ളത്.<br><br>കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രീ പ്രൈമറി മേഖലയെ പ്രത്യേകമായി പരിഗണിച്ചു കൊണ്ടാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. |
| (സി) | നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് വരുന്നതിന് മുൻപ് സംസ്ഥാനത്തെ പരിഷ്കരണ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ ദേശീയ വിദ്യഭ്യാസ നയം സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കുമെന്ന വിശദാംശം ലഭ്യമാക്കുമോ? | (സി) | ദേശീയ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനമാക്കിയല്ല കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണം ആരംഭിച്ചിരിക്കുന്നത്. ഏതാണ്ട് ഒരു ദശകത്തിനു മുമ്പ് തയ്യാറാക്കിയ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും കാലാനുസൃതമായി മാറ്റം വരുത്തുക എന്നുള്ളതാണ് കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ മുഖ്യ ലക്ഷ്യം. വിദ്യാഭ്യാസ മേഖലയിലെ മറ്റെല്ലാ ഘടകങ്ങളെയും പരിഗണിക്കുന്നതു പോലെ ദേശീയതലത്തിൽ തയ്യാറാക്കിയിട്ടുള്ള ദേശീയ വിദ്യാഭ്യാസ നയത്തെയും പരിശോധിച്ചു കൊണ്ടാണ് കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നത്. |

സെക്ഷൻ ഓഫീസർ